(ഡി) ബി. കോമും പി.ജി.ഡി.സി. എ-യും ഉള്ള അക്കൗണ്ടന്റ്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർക്ക് പ്രതിമാസം 6,000 രൂപയും ബി.കോമിനോടൊപ്പം കമ്പ്യൂട്ടർ സർട്ടിഫിക്കറ്റ് കോഴ്സ് മാത്രം വിജയിച്ചിട്ടുള്ളവർക്ക് പ്രതിമാസം 4,5000 രൂപയും വേതനമായി നൽകുന്നുണ്ട്. ഓവർസിയർമാർക്ക് വേതനമായി 6,000 രൂപയും സ്ഥിരം യാത്രാബത്തയായി 500 രൂപയും പ്രതിമാസം നൽകുന്നുണ്ട്.

(ഇ) വിദ്യാഭ്യാസ യോഗ്യതയിലുള്ള വ്യത്യാസമാണ് ഇപ്രകാരമുള്ള തരം തിരിവിന് കാരണം

(എഫ്) ഇപ്പോൾ പരിഗണനയിലില്ല.

ഐ.കെ.എം.-ന്റെ മിഷൻ മോഡ് പ്രവർത്തനം

209(1967) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ. കെ. എം.-ന്റെ മിഷൻ മോഡ് പ്രവർത്തനം അവസാനിപ്പിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭാഗമാക്കുന്നതിലേക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഇത് എന്നുമുതൽ പ്രാബല്യത്തിൽ വരും ;

(സി) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതോടൊപ്പം ഐ. കെ. എം. ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ ; എങ്കിൽ ഇതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ&ബി) ഇത് സംബന്ധിച്ച ശിപാർശകൾ സമർപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(സി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

തീരദേശനിയമംമൂലം തീരദേശവാസികൾക്ക് അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ

210(1968) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശനിയമത്തിലെ കർശന വ്യവസ്ഥകൾ മൂലം തീരപ്രദേശത്ത് തലമുറകളായി താമസിച്ചു വരുന്ന നിർധനർക്ക് വീടു വയ്ക്കുന്നതിനും പുനർനിർമ്മിക്കുന്നതിനും കഴിയാതെ വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിനായി സ്വീകരിച്ചു വരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly